# വചന വിചിന്തനം : മാർച്ച് 22 ഞായർ, 2009

**യോഹ. 7 : 37 – 52,8:12–20**

ജീവജലത്തിന്റെ അരുവികൾ

യേശു ലോകത്തിന്റെ പ്രകാശം

ഇസ്രായേൽക്കാരുടെ പ്രധാനപ്പെട്ട തിരുനാളുകളിലൊന്നാണ് കൂടാരത്തിരുനാൾ. തിഷ്റി മാസത്തിന്റെ കുംഭമാസത്തിലെ 15–ാം തീയതി മുതൽ ഒരാഴ്ചത്തേക്കാണ് തിരുനാൾ ആഘോഷിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്നും തിരുനാളിനായി വരുന്നവർ ജറുസലേം ദൈവാലയത്തിനുചുറ്റും കൂടാരങ്ങൾ കെട്ടും. ആ വർഷം തങ്ങൾക്ക് ലഭിച്ച നല്ലവിളവിനായി നന്ദി പറയുന്നതിനാണ് ജനം കൂടാരത്തിരുനാളിനെത്തുന്നത്. ആദ്യകാലങ്ങളിൽ അതാതു കൃഷിസ്ഥലങ്ങളിലാണ് കൂടാരം കെട്ടി തിരുനാൾ കൊണ്ടാടിയിരുന്നത്. പിന്നീട് തിരുന്നാളാഘോഷം ദൈവാലയ കേന്ദ്രീകൃതമായിമാറി.

കൂടാരത്തിരുനാളിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. ഈജിപ്തിലെ അടിമത്തത്തിൽ നിന്നും മോചനം നേടി വാഗ്ദാനദേശത്തേക്ക് പുറപ്പെട്ട ഇസ്രായേൽക്കാരുടെ പൂർവ്വ പിതാക്കന്മാർ 40 വർഷവും യാത്രാമദ്ധ്യേ മരുഭൂമിയിൽ കൂടാരങ്ങൾ കെട്ടിപാർത്തവരാണ് . ഈ ഭൂമിയിൽ നമ്മൾ യാത്രക്കാരാണെന്നും ഇവിടെ നമുക്ക് നിലനില്ക്കുന്ന വാസസ്ഥലങ്ങളില്ലെന്നും സ്വയം ഓർമ്മിപ്പിക്കാൻ ഈ കൂടാരവാസം അവരെ സഹായിക്കുന്നു.

തിരുനാളിന് രണ്ട് ചടങ്ങുകളുണ്ട്.

(1) ജലതർപ്പണം

അത്ഭുത സിദ്ധിയുണ്ടെന്ന് കരുതപ്പെട്ടിരുന്ന ശീലോഹ കുളത്തിലെ വെള്ളം പുരോഹിതർ ഒരു പാത്രത്തിൽ കോരിയെടുക്കും. തുടർന്ന് ജനം പ്രദക്ഷിണമായി ദൈവാലയത്തിലേക്ക് നീങ്ങും. അവർ ഇടതുകൈയ്യിൽ ഒലിവിലകമ്പുകളും വലതുകൈയ്യിൽ നാരങ്ങയോ, ഓറഞ്ചോ, അതുപോലുള്ള ഏതെങ്കിലും കാർഷികവിളയും പിടിച്ചിരിക്കും. പ്രദക്ഷിണം ദൈവാലയത്തിലെത്തുമ്പോൾ ശീലോഹകുളത്തിൽ നിന്നും എടുത്ത വിശുദ്ധജലവുമായി പുരോഹിതൻ ബലിപീഠത്തിന് 7- തവണ പ്രദക്ഷിണം വയ്ക്കും. പിന്നെ ആ ജലം ബലിപീഠത്തിന്മേൽ തർപ്പണം ചെയ്യും. ഇത് ബലിപീഠത്തിലൂടെ ഒഴുകി ഒരുവെളിഫണൽ വഴി മണ്ണിനെ നനയ്ക്കും. ഈ പശ്ചാത്തലത്തിലാണ് ഈശോ എഴുന്നേറ്റുനിന്ന് ശബ്ദമുയർത്തി പറഞ്ഞത്.

''ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ

അവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.''

എല്ലാവർക്കും ദാഹമുണ്ട്

ദാഹത്തിന് വെള്ളം വേണം

പക്ഷെ വെള്ളമന്വേഷിക്കുന്ന സ്ഥലമേതാ? കിണറ്റിലെ നല്ല പച്ച വെള്ളം കുടിച്ചാൽ നന്നായി. മോരും വെള്ളമാണെങ്കിൽ വളരെ കേമമായി.

നാരങ്ങാവെള്ളം ദാഹം ശമിപ്പിക്കാൻ വളരെ നല്ലത്. പക്ഷെ കൊക്കോകോളയാകുമ്പോഴോ?

ക്രിക്കറ്റു കളിക്കുന്ന ആരും പച്ചവെള്ളം കുടിക്കാറില്ലല്ലോ. ഒരുകൈയ്യിൽ ക്രിക്കറ്റുബാറ്റും മറു കൈയ്യിൽ പെപ്സിയും. കൃത്രിമ ശീതളപാനീയങ്ങൾക്ക് ദാഹം ശമിപ്പിക്കാൻ കഴിയില്ല. വൈകി യാണ് നാമത് തിരിച്ചറിഞ്ഞത്, ദാഹം ശമിപ്പിക്കാൻ കുടിച്ചത് വിഷമായിരുന്നു എന്ന്.
കൊക്കോകോളയും, പെപ്സിയും വഴിയിലൊഴിച്ച് കളഞ്ഞ് നാം പ്രതിഷേധിച്ചു.
ഇളനീര് കുടിച്ചാൽ വയറും മനസും നിറയും. നാടെങ്ങും ഇളനീരിലേക്കും സംഭാരത്തിലേക്കും തിരിച്ചുപോയി.
വേറെ ചിലർ ദാഹം തീർക്കുന്നത്
ബിവറേജസ് കോർപ്പറേഷൻ വഴിയാണ്.
അറ്റാച്ഡ് ഹോട്ടലിൽ പോയി ദാഹം ശമിപ്പിക്കുന്നവരുണ്ട്. സമ്പാദിച്ചുകൂട്ടി ദാഹം ശമിപ്പിക്കു ന്നവൻ
ധാരാളിച്ച് കളഞ്ഞ് ദാഹം മാറ്റാൻ ശ്രമിക്കുന്നു.
എന്റെ ഭാര്യ എന്നെ സ്നേഹിക്കുന്നില്ലച്ചാ,
പക്ഷെ ഭാര്യയുടെ സ്നേഹം അന്യന്റെ ഭാര്യയിൽ തേടിയാലോ?
എല്ലാവർക്കും ദാഹം തീർക്കണം
പക്ഷെ അന്വേഷിക്കുന്നത് തെറ്റായ സ്ഥലങ്ങളിലാണ്.
വി. അഗസ്തീനോസ് പറഞ്ഞു.
You are looking for the right thing
but in the wrong place.
''ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചിട്ട് എന്റെ ജനം പൊട്ടക്കിണറുകളും ചെളി ക്കളങ്ങളും അന്വേഷിച്ചുപോയി.''
പ്രവാചകന്മാരിലൂടെ ദൈവം വിലപിച്ചു. അതുകൊണ്ട് തെറ്റിയവർക്ക് തിരുത്താൻ യേശു വന്നു.
അവൻ പറഞ്ഞു ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ.
എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും.

യോഹന്നാൻ സുവിശേഷകന്റെ ചിന്തയനുസരിച്ച് ദാഹിക്കുക എന്നാൽ യേശുവിന്റെ പക്കലേക്ക് വരുക എന്നർത്ഥം. കുടിക്കുക എന്നാൽ യേശുവിൽ വിശ്വസിക്കുക എന്നർത്ഥം.

come + believe

വന്നു വിശ്വസിക്കുക.

തിരുനാളിന് യേശുവിന്റെ സന്ദേശം അതായിരുന്നു.

കൂടാരത്തിരുനാളിന്റെ 2-ാമത്തെ ചടങ്ങാണ്.

(2) ദീപക്കാഴ്ച

രാത്രിയാകുമ്പോഴേക്കും ആയിരക്കണക്കിന് വിളക്കുകൾ ദൈവാലയത്തിന് അകത്തും പുറത്തുമായി കത്തിനില്ക്കും. തീർത്ഥാടകർ തങ്ങളുടെ കൂടാരങ്ങൾ പൊളിച്ചെടുത്ത് അതിന്റെ കൊമ്പുകൾ കൂട്ടിതീയിടും. അങ്ങനെ ദൈവാലയത്തിന്റെ പരിസരവും ജറുസലേം നഗരം മുഴുവനും പ്രകാശമാനമാകും. ദീപക്കാഴ്ചയിൽ പ്രശോഭിതമായി നില്ക്കുന്ന ദൈവാലയത്തിന്റെ ദൃശ്യപശ്ചാത്തലത്തിലാണ് ഈശോ പറഞ്ഞത്.

''ഞാൻ ലോകത്തിന്റെ പ്രകാശമാണ്
എന്നെ അനുഗമിക്കുന്നവൻ
ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല
അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.'' എന്ന്

ഉല്പ്പത്തി 1-ാം അദ്ധ്യായം സൃഷ്ടി നടത്തുന്ന ദൈവം.
വെളിച്ചം ഉണ്ടാകട്ടെ വെളിച്ചം ഉണ്ടായി.
അത് നല്ലതെന്ന് ദൈവം കണ്ടു.
പ്രകാശത്തിന്റെ കാഴ്ച അവസാനിക്കുന്നില്ല.
പ്രളയം അവസാനിച്ചപ്പോൾ അറാറത്ത് പർവ്വതത്തിൽ വച്ച് നോഹയുടെ പേടകത്തിലേക്കത് മഴവില്ലിന്റെ സ്വപ്ന വർണ്ണങ്ങളുമായി
ഉടമ്പടിയുടെ പുതിയ രേഖയായി....,
പുറപ്പാടിന്റെ കഥയിലും വെളിച്ചമായി അവതരിക്കുന്ന തമ്പുരാന്റെ പുനരാവർത്തനമുണ്ട്
ഈജിപ്തിൽ നിന്നും പുറപ്പെട്ട ഇസ്രായേൽ ജനം തിരിഞ്ഞു നോക്കിയപ്പോൾ തങ്ങളെ പിടിക്കുവാൻ വരുന്ന ഫറവോയുടെ ഭീതിജനകമായ മുഖവും ഭീതിയുണർത്തുന്ന ഈജിപ്തിലെ അടിമത്തവും അവർ ഓർത്തു.

ദൈവത്തെ വിളിച്ച് മോശ നിലവിളിച്ചു.
അന്നു രാത്രി ദൈവം വന്നു ജ്വലിക്കുന്ന മേഘമായി.
കത്തുന്ന മേഘത്തിന്റെ വെളിച്ചത്തിൽ
ഇസ്രായേൽക്കാർ രാത്രിയിൽ സഞ്ചരിച്ചു.

ശത്രുക്കൾ ഏറെ പിന്നിലായി
40 സംവത്സരങ്ങളിലും പകൽ തണലായും രാത്രി വെളിച്ചമായും ദൈവം കൂടെയുണ്ടായിരുന്നു.

ഈ വെളിച്ചമാണ് മാംസത്തിന്റെ രൂപം ധരിച്ചത്.

തിളക്കുമുള്ള ഒരു മനുഷ്യനായി ഈശോ ഭൂമിയിലേക്ക് വന്നു.

സർവ്വത്തേയും പ്രകാശിപ്പിക്കുന്ന അവന്റെ രൂപം
താബോർമലയിൽ നാം കണ്ടു.

സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുന്ന മുഖം ചുറ്റും നിറഞ്ഞുകിടക്കുന്ന വെൺമയുടെ വെളിച്ചം
ആ പ്രകാശധോരണിയിൽ നടുങ്ങി
ശിഷ്യൻമാർ നിലത്തു വീണു.
ഞാനാണ് ലോകത്തിന്റെ പ്രകാശം
പ്രാകാശത്തിലാണ് നാം വസ്തുക്കൾ കാണുന്നത്
ഇരുട്ടിൽ നമുക്ക് കാഴ്ചയില്ല
യേശുവിന്റെ വെളിച്ചത്തിലാണ്
നാം ഈ ലോകത്തെ കാണുന്നത്
നമ്മുടെ ജീവിത സാഹചര്യങ്ങളെ
ഭാര്യയെ

മക്കളെ

മാതാപിതാക്കളെ

ഈ വെളിച്ചത്തിൽ കാണുമ്പോൾ

നമ്മുടെ കാഴ്ചകൾക്ക് മാറ്റം വരും.

കാഴ്ചകൾ ദർശനങ്ങളാകും

ഏതു തെറ്റിനും പിറകിൽ ഒരു ശരി കണ്ടേക്കാം

അങ്ങനെ വരുമ്പോൾ

തെറ്റു ചെയ്യുന്നവരോട് പൊറുക്കാൻ നമുക്ക് പറ്റും.

ഭാര്യയ്ക്ക് തെറ്റുപറ്റിയാൽ

'സാരമില്ല പോട്ടെടി' എന്നു പറയാൻ നമുക്ക് കഴിയും

നമ്മുടെ കണ്ണും

യേശുവിന്റെ വെളിച്ചവും ചേരുമ്പോൾ

കാഴ്ചകൾ ദർശനങ്ങളാകും

തെറ്റിനെ തിരുത്താൻ

സഹായിക്കേണ്ടവരോട് ആർദ്രത കാട്ടാൻ

ശത്രുവിനുവേണ്ടി പ്രാർത്ഥിക്കാൻ, അവനെ സ്നേഹിക്കാൻ നമുക്ക് കഴിയും

നമുക്ക് പ്രാർത്ഥിക്കാം

കർത്താവായ യേശുവേ

അങ്ങയുടെ പ്രകാശത്തിൽ ഞങ്ങൾ ഈ ലോകത്തെ കാണുന്നതിന്

അങ്ങയുടെ അഞ്ജനം

എന്റെ കണ്ണിലെഴുതണമേ.

എന്നെ പ്രകാശമുള്ളവനാക്കണമേ.

**ഫാ. മാത്യു അരീപ്ലാക്കൽ**